## പതിമൂന്നാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-2016)

### ഏഴാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള സമിതി (2010-11)-യുടെ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-2016)

## ഏഴാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള സമിതി (2010-11)-യുടെ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

392/2016.

## ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. ടി. അബ്ദുൾ ഖാദർ

,, പി. ബി. അബ്ദുൾ റസാക്

,, പി. എ. മാധവൻ

,, റ്റി. വി. രാജേഷ്

,, കെ. ശിവദാസൻ നായർ

,, വി. എസ്. സുനിൽ കുമാർ

,, തോമസ് ചാണ്ടി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി

ശ്രീമതി മഹേശ്വരി എം. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

## ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള സമിതിയുടെ (2010-11) ഒന്നാമത് റിപ്പോർട്ട് 22-2-2011-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2016 ഫെബ്രുവരി 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

അബ്ദുറഹിമാൻ രണ്ടത്താണി,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെങ്കിലും സമഗ്രപഠനത്തിന് വിധേയമാക്കേണ്ടതും പരിഹാരം കണ്ടെത്തേണ്ടതുമായ സങ്കീർണ്ണമായ നിരവധി പ്രശ്നങ്ങൾ ഈ മേഖലയിൽ നിലനിൽക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങളെക്കുറിച്ചും ഇവർക്കായി സർക്കാർ നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ എങ്ങനെ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കാം എന്നതിനെക്കുറിച്ചും കേരള നിയമസഭയുടെ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി പഠനം നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി പ്രവാസി മലയാളികളുടെ വിവിധ സംഘടനകളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും നടത്തിയ ചർച്ചയുടെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതി (2010-11)-യുടെ ഒന്നാമത് റിപ്പോർട്ട് 22-2-2011-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ പ്രവാസി കേരളീയകാര്യ വകുപ്പുമായി ബന്ധപ്പെട്ട 8 ശിപാർശകൾ/ നിർദ്ദേശങ്ങൾ ഉൾപ്പെട്ടിരുന്നു. അവയ്ക്ക് പ്രവാസി കേരളീയകാര്യ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് 31-7-2012-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും 16, 19, 20, 21 എന്നീ ഖണ്ഡികകളിലെ ശിപാർശകൾക്കുള്ള മറുപടി അംഗീകരിക്കുകയും 8, 12, 13, 15 എന്നീ ഖണ്ഡികകളിലെ ശിപാർശകൾക്കുള്ള മറുപടിയിന്മേൽ അധികവിവരം ആരായുകയും ചെയ്തു. സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾക്ക് വകുപ്പിൽ നിന്നും ലഭിച്ച മറുപടി സമിതിയുടെ വിവിധ യോഗങ്ങളിൽ സമിതി അംഗീകരിക്കുകയും ചെയ്തു.

സമിതി (2010-11)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ/നിർദ്ദേശങ്ങൾ, അവയ്ക്ക് പ്രവാസി കേരളീയകാര്യ വകുപ്പിൽ നിന്നും ലഭിച്ച നടപടിറിപ്പോർട്ടുകൾ, സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾ, അവയ്ക്ക് വകുപ്പ് ലഭ്യമാക്കിയ മറുപടികൾ എന്നിവ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

<u>ശിപാർശ</u>

(ഖണ്ഡിക 8)

ഓരോ വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഓരോ സംസ്ഥാനങ്ങളിലും അധിവസിക്കുന്ന പ്രവാസി മലയാളികളെ സംബന്ധിച്ച് സമഗ്രവും ആധികാരികവുമായ കണക്കെടുപ്പ് നടത്തുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും നിലവിൽ നടന്നുവരുന്ന കണക്കെടുപ്പിൽ ഇതുകൂടി ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>നടപടി റിപ്പോർട്ട്</u>

(3-1-2012-ലെ 97/എ 2/2011/നോർക്ക നമ്പർ കത്ത് മുഖേന ലഭിച്ചത്)

സെന്റർ ഫോർ ഡെവലപ്‌മെന്റ് സ്റ്റഡീസ് മുഖാന്തിരം നടത്തുന്നത് ഡാറ്റാബേസ് തയ്യാറാക്കൽ അല്ല മറിച്ച് ശാസ്ത്രീയ രീതിയിൽ നടത്തിയ ഒരു സാമ്പിൾ സർവ്വേ പഠനമാണ്. സർക്കാരിന് നയരൂപീകരണത്തിനായി പ്രസ്തുത റിപ്പോർട്ടിലുള്ള വിവരങ്ങൾ പര്യാപ്തമാണെന്ന് കണ്ടിട്ടുണ്ട്. സമിതി ആവശ്യപ്പെട്ടിരിക്കുന്നത് സമഗ്രവും ആധികാരികവുമായ കണക്കെടുപ്പാണ്. സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ നിർദ്ദേശിച്ചതനുസരിച്ച് ഈ സർവ്വേ നടത്താനായി എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറോട് അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത വകുപ്പ് നടത്തുന്ന സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ പ്ലാൻ പ്രോജക്ടിൽ ഉൾപ്പെടുത്തി ഈ സർവ്വേകൂടി നടത്തുന്നതിന് പണം ലഭ്യമല്ല എന്നും അവരുടെ സർവ്വേ അഞ്ച് വർഷത്തിലൊരിക്കൽ നടത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നും അറിയിച്ചു.

എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് നടത്തുന്ന സർവ്വേ ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് ഉതകുന്നതാണെന്ന് തോന്നുന്നില്ല. മേൽസാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സമിതി ആവശ്യപ്പെട്ട പ്രകാരം സർക്കാർ സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ ഡെവലപ്‌മെന്റ് സ്റ്റഡീസ് മുഖാന്തിരം ശാസ്ത്രീയ രീതിയിൽ കണക്കെടുപ്പ് നടത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

സെന്റർ ഫോർ ഡെവലപ്‌മെന്റ് സ്റ്റഡീസ് മുഖാന്തിരം നടത്തിവരുന്ന കണക്കെടുപ്പിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചു.

<u>അധികവിവര റിപ്പോർട്ട്</u>

(2-3-2013-ലെ 6745/എ 2/2012/നോർക്ക നമ്പർ കത്ത് മുഖേന ലഭിച്ചത്)

കേരളത്തിനുപുറത്ത്, ഇന്ത്യയ്ക്കകത്തും വിദേശത്തും തൊഴിൽ ചെയ്യുന്ന മലയാളികളുടെ കണക്കുകളും അവരുടെ സാമൂഹ്യ സാമ്പത്തിക കുടുംബ പശ്ചാത്തലത്തെക്കുറിച്ചുള്ള വിപുലമായ രേഖകളും ശേഖരിക്കുന്നതിനായി ഗവേഷണ സ്ഥാപനമായ സെന്റർ ഫോർ ഡെവലപ്‌മെന്റ് സ്റ്റഡീസിനെ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നു. ഇതിനാവശ്യമായ തുകയും അവർക്ക് നൽകിയിട്ടുണ്ട്. 2008 വരെയുള്ള വിശദമായ കണക്കുകൾ ശേഖരിച്ച് 'കേരള മൈഗ്രേഷൻ സർവ്വേ-2008' പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2009-2011 വരെയുള്ള

സമഗ്രമായ വിവരങ്ങൾ കൂടി ശേഖരിച്ച് വിശദമായ കണക്കെടുപ്പിനുശേഷം '2011-ലെ കേരള മൈഗ്രേഷൻ സർവ്വേ' റിപ്പോർട്ട് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ഇപ്പോൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് ഒരു "സാംപിൾ സർവ്വേ മെത്തേഡ്" പ്രകാരമുള്ള പഠനമാണ്. എന്നിരുന്നാലും പ്രവാസി വിഷയങ്ങളിൽ നയരൂപീകരണത്തിനായി പ്രസ്തുത റിപ്പോർട്ടിലെ വിവരങ്ങൾ പര്യാപ്തമാണ്.

പ്രസ്തുത റിപ്പോർട്ട് 22-10-2013-ലെ സമിതിയോഗം പരിഗണിക്കുകയും '2011-ലെ കേരള മൈഗ്രേഷൻ സർവ്വേ' റിപ്പോർട്ടിന്റെ പകർപ്പ് സമിതിക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അതുപ്രകാരം 19-3-2014-ലെ 8636/എ 2/2013/നോർക്ക നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ പ്രസ്തുത റിപ്പോർട്ട് 21-5-2014-ൽ ചേർന്ന സമിതിയോഗം അംഗീകരിച്ചു.

<u>ശിപാർശ</u>

(ഖണ്ഡിക 12, 13)

കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പരമാവധി പ്രവാസികൾക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിൽ പ്രവാസി ക്ഷേമ പദ്ധതിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി 55-ൽ നിന്നും 60 ആയി ഉയർത്തണമെന്നും അതിനായി 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ 6-ാം വകുപ്പിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

ഇപ്രകാരം 55 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള പ്രവാസി മലയാളികൾക്ക് അംഗത്വം നൽകുമ്പോൾ അവരിൽ നിന്നും അംശദായം സ്വീകരിക്കുന്നത് സംബന്ധിച്ചും അനുയോജ്യമായ ഭേദഗതികൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

<u>നടപടി റിപ്പോർട്ട്</u>

(3-1-2012-ലെ 97/എ 2/2011/നോർക്ക നമ്പർ കത്ത് മുഖേന ലഭിച്ചത്)

പരമാവധി പ്രവാസികൾക്ക് പ്രയോജനം ലഭിക്കണം എന്നുള്ള അർത്ഥത്തിലാണ് ക്ഷേമനിധിയിൽ ചേരുവാനുള്ള പ്രായപരിധി 55 വയസ്സായി നിജപ്പെടുത്തി നിയമം പുറപ്പെടുവിച്ചത്. കൂടാതെ സാധ്യമായ കുറച്ചുകാലത്തേക്കെങ്കിലും ക്ഷേമനിധിയിലേക്ക് അംശദായം അടയ്ക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. അത്തരക്കാർക്കുവേണ്ടിയാണ് പെൻഷൻ വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളുടെ ഉയർന്ന

പ്രായപരിധി ശരാശരി 55-ൽ താഴെയാണ്. ഇക്കാര്യങ്ങൾ എല്ലാം കണക്കിലെടുത്താൽ പ്രവാസി ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി 55-ൽ നിന്നും 60 ആക്കുന്നത് പ്രായോഗികമല്ലെന്ന് കാണാം. വിദേശത്ത് ജോലി ചെയ്യുന്ന കാലയളവിൽ കൂടുതൽ അംശദായവും തിരികെ വന്നശേഷം വരുമാനം നഷ്ടപ്പെടുന്നതും കുറഞ്ഞ അംശദായവും മേൽസാഹചര്യം മുന്നിൽ കണ്ടുകൊണ്ടാണ് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. ഇതിനൊക്കെ പുറമെ ആക്ട് നിലവിൽ വന്നതിനുശേഷം പ്രായപരിധി കഴിഞ്ഞതുകൊണ്ട് മാത്രം അംഗമാകാൻ കഴിയാതിരുന്ന പ്രവാസി കേരളീയർക്ക് മരണാനന്തരസഹായം, ചികിത്സാസഹായം മറ്റ് ധനസഹായം എന്നിവയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്കീം നിലവിൽവന്ന് ബോർഡ് രൂപീകൃതമായശേഷം പദ്ധതിയുടെ നടത്തിപ്പിൽ കണ്ട ചില പോരായ്മകൾ കണക്കിലെടുത്ത് തിരുവനന്തപുരം സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖാന്തിരം ഈ പദ്ധതിയുടെ പ്രായോഗികക്ഷമത, സാമ്പത്തിക വിജയം, പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ സാക്ഷാത്കരിക്കാനുള്ള സാഹചര്യം എന്നിവയെപ്പറ്റി വിശദമായ പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠനം അനുസരിച്ച് നിലവിലുള്ള മിനിമം അംശദായഅടവ് കാലയളവായ അഞ്ചുവർഷം എന്നുള്ളത് പത്തുവർഷം ആക്കണമെന്നുള്ളതാണ് ശിപാർശ. അപ്രകാരം ചെയ്തില്ലെങ്കിൽ ഈ പദ്ധതി പരാജയമായി മാറുമെന്നും ഇതിൽ നിന്നുള്ള ക്ഷേമാനുകൂല്യങ്ങൾ (പെൻഷൻ ഉൾപ്പെടെ) വിതരണം ചെയ്യുവാൻ കഴിയില്ലെന്നും പദ്ധതി സാമ്പത്തികമായി പരാജയമായി മാറുമെന്നും മുന്നറിയിപ്പ് നൽകുന്നു. പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം നിയമത്തിലും പദ്ധതിയിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പ്രാരംഭഘട്ടത്തിലുമാണ്. വളരെ തുച്ഛമായ അംശദായം സ്വീകരിച്ചുകൊണ്ടാണ് പെൻഷൻ പദ്ധതിയും മറ്റ് ധനസഹായങ്ങളും വിഭാവനം ചെയ്തിട്ടുള്ളത് എന്നതിനാലും പദ്ധതിയുടെ നിലനിൽപ്പിനെ തന്നെ ബാധിക്കും എന്നതിനാലും ക്ഷേമ പദ്ധതിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി 55-ൽ നിന്ന് 60 ആക്കണമെന്ന ശിപാർശ പ്രായോഗികമല്ലെന്ന് കാണുന്നു.

12, 13, 15 എന്നീ ഖണ്ഡികകളിലെ സമിതി ശിപാർശകൾ പ്രായോഗികമല്ലെന്ന് സൂചിപ്പിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത വിഷയം സംബന്ധിച്ച് പ്രവാസി കേരളീയകാര്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്താൻ സമിതി തീരുമാനിച്ചു.

സമിതിയുടെ 10-12-2013-ൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ, പ്രവാസി ക്ഷേമനിധി അംഗത്വത്തിന്റെ ഉയർന്ന പ്രായപരിധി 60 വയസ്സായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ശിപാർശയിലെ വിഷയത്തിൽ പ്രവാസി കേരളീയകാര്യ വകുപ്പ് മന്ത്രി നിയമസഭയ്ക്ക് പലതവണ ഉറപ്പുനൽകിയിട്ടുള്ളതിനാൽ പ്രവാസി ക്ഷേമനിധിയിൽ ചേരുവാനുള്ള പ്രായപരിധി ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് വകുപ്പിന് നിർദ്ദേശം നൽകി. അതോടൊപ്പം 60 വയസ്സ് കഴിഞ്ഞതിനാൽ ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ കഴിയാത്ത പ്രവാസികൾക്ക് ചികിത്സാസഹായം, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു

<u>12, 13 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സമിതി ആവശ്യപ്പെട്ട പ്രകാരമുള്ള അധികവിവര റിപ്പോർട്ട്</u>

(5-11-2014-ലെ 6497/എ I/2014/നോർക്ക നമ്പർ കത്ത് മുഖേന ലഭിച്ചത്)

പ്രവാസി ക്ഷേമനിധിയിലെ അംഗത്വ പ്രായപരിധി 60 ആക്കി ഉയർത്താൻ സർക്കാർ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഇത് നടപ്പിൽ വരുത്തുന്നതിന് 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ വിവിധ വകുപ്പുകളിൽ ഭേദഗതി ആവശ്യമുണ്ട്. ഇതിന് ധനകാര്യ-നിയമ വകുപ്പുകളുടെ അനുമതി ആവശ്യമുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്.

| |
|---|
| പ്രവാസി ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ സമിതി നടത്തിയ ഇടപെടലുകൾ ഗൗരവപൂർവ്വം പരിഗണിച്ച് പ്രവാസി ക്ഷേമനിധി അംഗത്വത്തിനുള്ള ഉയർന്ന പ്രായപരിധി, നിലവിലുള്ള 55 വയസ്സിൽ നിന്നും 60 വയസ്സായി ഉയർത്തുന്നത് സംബന്ധിച്ചുള്ള നിയമനിർമ്മാണത്തിന് സർക്കാർ തീരുമാനമെടുക്കുകയും ആയത് സംബന്ധിച്ച ഭേദഗതി ബില്ലിന് പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിൽ അംഗീകാരമാകുകയും ചെയ്തിട്ടുണ്ട്. |

<u>ഖണ്ഡിക നമ്പർ 15-ലെ ശിപാർശ</u>

പ്രവാസി കേരളീയ ക്ഷേമനിധിയിൽ ഒരു അംഗം അംശദായമായി അടയ്ക്കുന്ന തുക നിശ്ചിത ശതമാനം പലിശ സഹിതം ടി അംഗം പെൻഷനാകുമ്പോൾ മടക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഇതിനായി 2008-ലെ പ്രവാസി കേരളീയ ക്ഷേമ ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## നടപടി റിപ്പോർട്ട്

(3-1-2012-ലെ 97/എ 2/2011/നോർക്ക നമ്പർ കത്ത് മുഖേന ലഭിച്ചത്)

സർക്കാരിന്റെ അധീനതയിലുള്ള മറ്റ് ക്ഷേമ ബോർഡുകളിൽ നിന്നും വ്യത്യസ്തമായി പ്രവാസി ക്ഷേമ പദ്ധതിയിലെ അംശദായം വരുമാനത്തിന് അനുസരിച്ച് വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. വരുമാനം കൂടുതൽ ലഭിക്കുന്ന സമയത്ത് കൂടുതൽ അംശദായവും വരുമാനം കുറഞ്ഞ സമയത്ത് താരതമ്യേന കുറഞ്ഞ അംശദായവും മാത്രമാണ് പദ്ധതിയിലേക്ക് അടയ്ക്കേണ്ടത്. ഇതിനൊക്കെ പുറമേ മറ്റ് ക്ഷേമനിധികളിൽ നിന്നും വളരെ വ്യത്യസ്തമായി വിപുലമായ ധനസഹായങ്ങളാണ് പ്രവാസി ക്ഷേമനിധി വിഭാവനം ചെയ്തിട്ടുള്ളത്. അംഗങ്ങളായിട്ടുള്ളവർക്കും പ്രായപരിധി കഴിഞ്ഞതുമൂലം അംഗങ്ങളാകാൻ കഴിയാത്ത പ്രവാസി കേരളീയർക്കും അവരുടെ കുടുംബാംഗങ്ങൾക്കും പെൻഷൻ, ചികിത്സാ സഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ സഹായം, സ്വയം തൊഴിൽ വായ്പ എന്നിങ്ങനെ താരതമ്യേന കൂടിയ ധനസഹായങ്ങളാണ് ക്ഷേമനിധി വിഭാവനം ചെയ്യുന്നത്. 18 മുതൽ 55 വയസ്സുവരെയാണ് ക്ഷേമനിധിയിൽ ചേരുന്നതിനുള്ള പ്രായപരിധി എങ്കിലും മിക്ക അംഗങ്ങൾക്കും വളരെ കുറച്ചുകാലത്തെ പ്രവാസ ജീവിതവും അതിനാൽതന്നെ അത്രയും കുറച്ചുകാലത്തേക്ക് മാത്രം കൂടിയ അംശദായം അടയ്ക്കേണ്ടതായും വരുന്നുള്ളൂ. മേൽ സാഹചര്യങ്ങളുടെ വെളിച്ചത്തിലും മേൽപ്പറഞ്ഞ വിദഗ്ദ്ധ ഏജൻസിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പ്രവാസി കേരളീയ ക്ഷേമനിധിയിൽ ഒരംഗം അംശദായമായി അടയ്ക്കുന്ന തുക പലിശ സഹിതം തിരികെ നൽകുന്നതിനും ഒപ്പം പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുമുള്ള ശിപാർശ തീർത്തും പ്രായോഗികമല്ലെന്ന് കാണുന്നു.

## ഖണ്ഡിക 15-ലെ ശിപാർശയിന്മേൽ സമിതി ആവശ്യപ്പെട്ട പ്രകാരമുള്ള അധികവിവര റിപ്പോർട്ട്

(5-11-2014-ലെ 6497/എ 1/2014/നോർക്ക നമ്പർ കത്ത് മുഖേന ലഭിച്ചത്)

നിലവിലുള്ള മറ്റ് ക്ഷേമനിധികളുമായി താരതമ്യം ചെയ്യുമ്പോൾ പ്രവാസി ക്ഷേമനിധിക്ക് പ്രകടമായ പല വ്യത്യാസങ്ങളുമുണ്ട്. പ്രവാസി ക്ഷേമ പദ്ധതിയിലെ അംശദായം അംഗങ്ങളുടെ വരുമാനത്തിന് അനുസരിച്ച് വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. വരുമാനം കൂടുതൽ ലഭിക്കുന്ന സമയത്ത് കൂടുതൽ അംശദായവും വരുമാനം കുറഞ്ഞ സമയത്ത് താരതമ്യേന കുറഞ്ഞ അംശദായവും മാത്രമാണ് പദ്ധതിയിലേക്ക്

അടയ്ക്കേണ്ടത്. മാത്രമല്ല, മറ്റ് ക്ഷേമനിധികളിൽനിന്ന് വ്യത്യസ്തമായി തൊഴിൽ ദാതാവിന്റെ വിഹിതം പ്രവാസി ക്ഷേമനിധിയിൽ ലഭിക്കുന്നില്ല. ഇതിനൊക്കെ പുറമെ മറ്റ് ക്ഷേമനിധികളിൽ നിന്നും വ്യത്യസ്തമായി വളരെ വിപുലമായ സഹായങ്ങളാണ് പ്രവാസി ക്ഷേമനിധി വിഭാവനം ചെയ്തിട്ടുള്ളത്. പ്രവാസി കേരളീയർക്കും അവരുടെ കുടുംബാംഗങ്ങൾക്കും പെൻഷൻ, ചികിത്സാ സഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ സഹായം എന്നിങ്ങനെ വിവിധ പദ്ധതികളിലായി താരതമ്യേന ഉയർന്ന ധനസഹായമാണ് ക്ഷേമനിധി വിഭാവനം ചെയ്യുന്നത്. മേൽ സാഹചര്യങ്ങളുടെ വെളിച്ചത്തിലും നിലവിലെ സ്ഥിതി തുടർന്നാൽ 2020-ഓടുകൂടി ക്ഷേമനിധി കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടും എന്നുള്ള സി.ഡി.എസ്സിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പ്രവാസി കേരളീയ ക്ഷേമനിധിയിൽ ഒരംഗം അംശദായമായി അടയ്ക്കുന്ന തുക പലിശ സഹിതം തിരികെ നൽകുന്നതിനും ഒപ്പം പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുമുള്ള ശിപാർശ ബോർഡിന്റെ നിലവിലെ സാമ്പത്തിക ചുറ്റുപാടിൽ പ്രായോഗികമല്ല. (ബോർഡിനുള്ള സർക്കാർ വിഹിതം നിലവിലെ 2%-ൽ നിന്ന് 5% ആയി വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും അതിനുള്ള നിയമഭേദഗതികൾ തയ്യാറാക്കി വരികയും ചെയ്യുന്നുണ്ട്.)

പ്രസ്തുത റിപ്പോർട്ട് 25-2-2015-ൽ ചേർന്ന സമിതിയോഗം അംഗീകരിച്ചു.

<u>ശിപാർശ</u>

(ഖണ്ഡിക 16)

അംഗങ്ങൾ അടയ്ക്കുന്ന അംശദായതുക പലിശ സഹിതം തിരികെ നൽകേണ്ടി വരുമ്പോൾ ബോർഡിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് സർക്കാർ പ്രവാസി കേരളീയ ക്ഷേമനിധിയിലേക്ക് ഗ്രാന്റായി നൽകുന്ന തുക വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>നടപടി റിപ്പോർട്ട്</u>

(3-1-2012-ലെ 97/എ 2/2011/നോർക്ക നമ്പർ കത്ത് മുഖേന ലഭിച്ചത്)

പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനും സാമ്പത്തികാനുകൂല്യങ്ങൾ കഴിയുന്നത്ര വിതരണം ചെയ്യുന്നതിനും കൂടാതെ പദ്ധതിയുടെ നിലനിൽപ്പുതന്നെ സുഗമമാക്കുന്നതിനും വേണ്ടി സർക്കാർ വിഹിതം രണ്ട് ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

ശിപാർശ

(ഖണ്ഡിക 19)

പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അംഗങ്ങൾക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനും വേണ്ടി പ്രവാസി കേരളീയ ക്ഷേമ ബോർഡിന് ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മതിയായ ജീവനക്കാരെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

നടപടി റിപ്പോർട്ട്

(3-1-2012-ലെ 97/എ 2/2011/നോർക്ക നമ്പർ കത്ത് മുഖേന ലഭിച്ചത്)

പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അംഗങ്ങൾക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനും വേണ്ടി പ്രവാസി കേരളീയ ക്ഷേമ ബോർഡ് ഹെഡ് ഓഫീസിന് പുറമെ എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ മേഖലാ ഓഫീസുകൾ ഇതിനകംതന്നെ ആരംഭിക്കുകയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ഇപ്പോൾ ബോർഡിന് ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം കണക്കിലെടുത്തും അംഗങ്ങളുടെ എണ്ണം കണക്കിലെടുത്തും ബോർഡിൽ നിന്നുള്ള സേവനങ്ങൾ അംഗങ്ങൾക്ക് ബുദ്ധിമുട്ട് ഇല്ലാതെ നൽകുവാൻ കഴിയുന്നുണ്ട്. ഭാവിയിൽ അപേക്ഷകളുടേയും അംഗങ്ങളുടേയും എണ്ണം ആനുപാതികമായി വർദ്ധിക്കുന്നതനുസരിച്ച് ജില്ലാതല ഓഫീസുകൾ പടിപടിയായി ആരംഭിക്കുന്നതും അതിലേക്ക് ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതുമാണ്.

ശിപാർശ

(ഖണ്ഡിക 20, 21)

പ്രവാസി മലയാളികളെ സംബന്ധിക്കുന്ന നിരവധി പ്രശ്നങ്ങൾ പരിഹാരം കാണേണ്ടവയായി ശേഷിക്കുന്നുണ്ട്. ഭൂരിപക്ഷം വരുന്ന പ്രവാസികളുടെയും സാമ്പത്തിക സ്ഥിതിയും തൊഴിൽ സാഹചര്യവും തികച്ചും തൃപ്തികരമാണെന്ന് പറയാൻ കഴിയില്ല. അനധികൃത റിക്രൂട്ടിംഗ് ഏജൻസികളുടെയും സ്പോൺസർമാരുടെയും തട്ടിപ്പുകൾക്കും ചൂഷണങ്ങൾക്കും വിധേയരായി ജയിലുകളിൽ കഴിയാൻ വിധിക്കപ്പെട്ടവരും സർവ്വസ്വവും നഷ്ടപ്പെട്ട് എംബസികളുടെയും മറ്റും സഹായത്താൽ തിരികെ സ്വദേശത്തേക്ക് മടങ്ങേണ്ടിവരുന്നവരും ഒട്ടനവധിയാണ്. കൂടാതെ, കുടുംബത്തിൽ നിന്നും അകന്നുകഴിയേണ്ടി വരുന്നതുമൂലം ഇവർ അനുഭവിക്കുന്ന മാനസിക സംഘർഷവും വിവരണാതീതമാണ്.

സംസ്ഥാനത്തിന്റെ സമ്പദ്ഘടന മെച്ചപ്പെടുത്തുന്നതിനും സാമൂഹിക പുരോഗതിക്കും പ്രവാസി മലയാളികൾ നൽകിയിട്ടുള്ള സംഭാവനകൾ വിലമതിക്കാനാവാത്തവയാണ്. ആയതിനാൽ, അവർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും പുതിയ ക്ഷേമ പദ്ധതികൾ ആരംഭിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

## നടപടി റിപ്പോർട്ട്

(3-1-2012-ലെ 97/എ 2/2011/നോർക്ക നമ്പർ കത്ത് മുഖേന ലഭിച്ചത്)

വിദേശത്ത് തൊഴിൽ തേടുന്നവരെ സഹായിക്കുന്നതിനായി ഒരു റിക്രൂട്ട്മെന്റ് ഏജന്റായി പ്രവർത്തിക്കുന്നതിനുള്ള ലൈസൻസ് കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തിൽ നിന്നും നോർക്ക-റൂട്ട്സിന് 2006 ആഗസ്റ്റിൽ ലഭിച്ചിട്ടുണ്ട്. സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമെന്നനിലയിൽ വിദേശങ്ങളിൽ ജോലി തേടിപോകുന്ന മലയാളികൾ റിക്രൂട്ട്മെന്റ് ഏജന്റുമാരാൽ വഞ്ചിതരാകാതിരിക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും ഈ ലൈസൻസ് വഴി സാദ്ധ്യമാകുന്നതാണ്. ഈ ലൈസൻസ് ഉപയോഗിച്ച് വിദേശത്തേക്ക് തൊഴിലാളികളെ അയയ്ക്കുന്നതിനുള്ള നടപടികൾ നോർക്കാ-റൂട്ട്സ് ആരംഭിച്ചുകഴിഞ്ഞു.

നോർക്ക-റൂട്ട്സ് വിദേശരാജ്യങ്ങളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതുമായി ബന്ധപ്പെട്ട് 'ജോബ് പോർട്ടൽ' ആരംഭിച്ചിട്ടുണ്ട്. www.jobsnorka.gov.in എന്ന ജോബ് പോർട്ടലിൽ ഒരേസമയം ഉദ്യോഗാർത്ഥികൾക്കും തൊഴിൽദാതാക്കൾക്കും രജിസ്ട്രേഷൻ നടത്തുവാനുള്ള സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ നടത്തുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ, വിദേശതൊഴിൽ ദാതാക്കൾ ആവശ്യപ്പെടുന്ന വിദ്യാഭ്യാസ യോഗ്യത/തൊഴിൽ പരിചയത്തിന്റെ അടിസ്ഥാനത്തിൽ വിദേശതൊഴിൽ ദാതാക്കൾക്ക് കൈമാറുന്നതാണ്.

വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്കായി നോർക്ക-റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ വിദേശ തൊഴിൽകാംക്ഷികൾക്കായുള്ള ശില്പശാലകൾ എന്ന പേരിൽ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. വിദേശത്ത് തൊഴിൽ തേടിപോകുന്ന ഉദ്യോഗാർത്ഥികൾ അവശ്യം അറിഞ്ഞിരിക്കേണ്ടതായ വിസ, തൊഴിൽ കരാർ, എമിഗ്രേഷൻ, വിദേശ രാജ്യത്തെ തൊഴിൽ നിയമങ്ങൾ, അവിടുത്തെ സാമൂഹ്യ സാംസ്കാരിക പൂറ്റുപാടുകൾ എന്നീ വിഷയങ്ങളിൽ അവബോധം നേടാനും ഈ പരിശീലന പരിപാടി സഹായിക്കുന്നു. പ്രസ്തുത ശില്പശാലകൾ എല്ലാ ജില്ലകളിലും സമയബന്ധിതമായി നടപ്പിലാക്കിവരുന്നുണ്ട്.

കൂടാതെ വിദേശത്ത് മനഃപൂർവ്വമല്ലാത്തതോ തന്റേതല്ലാത്തതോ ആയ കുറ്റങ്ങൾ കാരണം ജയിൽവാസം അനുഭവിക്കുന്ന മലയാളികൾക്ക് വിദഗ്ദ്ധ നിയമസഹായം ലഭ്യമാക്കുന്നതിനും നിയമോപദേശം നൽകുന്നതിനും കൂടാതെ സൗദി അറേബ്യ പോലുള്ള രാജ്യങ്ങളിൽ കഷ്ടപ്പാടനുഭവിക്കുന്ന മലയാളി സ്ത്രീകൾക്ക് സുരക്ഷിതമായ യാത്രാസൗകര്യം ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് പ്രവാസി ലീഗൽ എയ്ഡ് സെൽ (PLAC) തുടങ്ങാൻ ആലോചനയുണ്ട്. ഇതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ടുവരികയാണ്.

നോർക്ക വകുപ്പ് പ്രവാസികളുടെ സുരക്ഷയ്ക്കും അവരുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനുമായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. സർവ്വോപരി അവർ വിദേശത്തായാലും നാട്ടിലായാലും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഈ വകുപ്പിന്റെ ശ്രദ്ധയിൽകൊണ്ടുവരികയാണെങ്കിൽ അടിയന്തര നടപടി സ്വീകരിച്ച് പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നു.

അബ്ദുറഹിമാൻ രണ്ടത്താണി,

*അദ്ധ്യക്ഷൻ,*

*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.